വി.ആർ/37379/2015/ഡിപിഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറാഫീസ്,
തിരുവനന്തപുരം, 03.05.2016.

**സർക്കുലർ**

വിഷയം:- പൊതുവിദ്യാഭ്യാസം - വിദ്യാരംഗം കലാസാഹിത്യവേദി 2016-17 അദ്ധ്യയന വർഷത്തെ രൂപവത്കരണത്തേയും പ്രവർത്തനങ്ങളെയും - സംബന്ധിച്ച്.

സൂചന:-1. വിദ്യാരംഗം കലാസാഹിത്യവേദിയുടെ പരിഷ്കരിച്ച മാനുവൽ.
2. സർക്കാർ ഉത്തരവു നമ്പർ 1586/2016/പൊ.വി.വ.തീയതി.27.04.2015.

*****

വിദ്യാരംഗം കലാസാഹിത്യവേദിക്കു 2015-16 അദ്ധ്യയന വർഷം മുതൽ പുതിയ മാനുവൽ സൂചന രണ്ടു പ്രകാരം നിലവിൽ വന്നിരിക്കുകയാണ്. ഇതനുസരിച്ച് സംസ്ഥാനത്തെ എൽ.പി.സ്കൂൾ ഉൾപ്പെടെയുള്ള എല്ലാ സർക്കാർ/എയ്ഡഡ്/അംഗീകൃത സ്കൂളുകളിലും വിദ്യാരംഗം കലാസാഹിത്യവേദിയുടെ യൂണിറ്റുകൾ രൂപവൽക്കരിക്കേണ്ടതും 2016 ജൂൺ മാസം തന്നെ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതുമാണ്. സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളും വിദ്യാരംഗത്തിന്റെ പുതിയ മാനുവൽ വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തെടുക്കുകയോ വിദ്യാഭ്യാസ ഓഫീസുകളിൽ നിന്നും ശേഖരിക്കുകയോ ചെയ്യേണ്ടതാണ്. മാനുവൽ പ്രകാരം ക്ലാസ്തലം മുതൽ തന്നെ കൃത്യമായി യൂണിറ്റുകൾ രൂപവൽക്കരിച്ച് പ്രവർത്തനങ്ങൾ നടത്തുന്നുണ്ടോ എന്ന് ബന്ധപ്പെട്ട പ്രധാനാദ്ധ്യാപകരും വിദ്യാഭ്യാസ ഓഫീസർമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. 2016 ജൂൺ 15 ന് എല്ലാ സ്കൂളുകളിലും കലാസാഹിത്യവേദിയുടെ ക്ലാസ്തല യോഗം ചേർന്ന് നിർവാഹകസമിതിക്കു രൂപം കൊടുക്കേണ്ടതാണ്. ജൂൺ 20 നു തന്നെ സ്കൂൾതല യൂണിറ്റിന്റെ രൂപവത്കരണം നടക്കേണ്ടതാണ്. 2016 ജൂൺ 19 വായനാദിനത്തോടനുബന്ധിച്ച് എല്ലാ സ്കൂളുകളിലും നടക്കേണ്ട കലാസാഹിത്യവേദിയുടെ ഉദ്ഘാടനം ഈ വർഷം 20-ാം തീയതി നടക്കേണ്ടതാണ്. ജൂൺ 25 ന് കലാസാഹിത്യവേദിയുടെ ഉപജില്ലാ സമിതി രൂപവൽക്കരിച്ച് കോ-ഓർഡിനേറ്റർമാരെ തിരഞ്ഞെടുക്കേണ്ടതാണ്. ജൂലൈ 12 ന് കലാസാഹിത്യവേദിയുടെ റവന്യൂ ജില്ലാ സമിതി രൂപീകരിച്ച് കോ-ഓർഡിനേറ്റർമാരെ തിരഞ്ഞെടുക്കേണ്ടതാണ്. ക്ലാസ്തലം മുതൽ ജില്ലാതലം വരെയുള്ള വിവിധ സമിതികൾ രൂപവത്കരിക്കുമ്പോൾ മാനുവലിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

ഉപജില്ലാ തലത്തിലും ജില്ലാ തലത്തിലും നിർവാഹകസമിതി രൂപവത്കരിക്കുകയും കോ-ഓർഡിനേറ്റർമാരെ തിരഞ്ഞെടുക്കുകയും ചെയ്തു കഴിഞ്ഞാൽ അംഗങ്ങളുടെ ലിസ്റ്റും ഉപജില്ല/ജില്ല കോ-ഓർഡിനേറ്റർമാരുടെ പേരും പിൻകോഡ് സഹിതമുള്ള മേൽവിലാസവും ഫോൺ നമ്പരും' എഡിറ്റർ വിദ്യാരംഗം മാസിക, വിദ്യാഭ്യാസ ഡയറക്ടറേറ്റ്, ജഗതി, തിരുവനന്തപുരം -14' എന്ന മേൽ വിലാസത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് വൈകാതെ അയച്ചുതരേണ്ടതാണ്.

കലാസാഹിത്യവേദിയുടെ പ്രവർത്തനത്തിന് രജിസ്ട്രേഷൻ ഫീസിനത്തിൽ സ്കൂളുകളിൽനിന്നും താഴെപ്പറയുന്ന തുക ഓരോ വിദ്യാലയവും നൽകേണ്ടതാണ്.

| | |
|---|---|
| എൽ.പി.സ്കൂൾ | - 100 രൂപ |
| യു.പി.സ്കൂൾ | - 200 രൂപ |
| ഹൈസ്കൂൾ | - 300 രൂപ |

രജിസ്ട്രേഷൻ ഫീസിനത്തിൽ ലഭിക്കുന്ന തുകയുടെ 50% ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉപജില്ലാതല പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കേണ്ടതാണ്. 20% തുക റവന്യൂജില്ലാതല പ്രവർത്തനങ്ങൾക്കായി വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകേണ്ടതാണ്. 30% തുക പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റെടുത്ത് സ്കൂളുകളുടെ ലിസ്റ്റു സഹിതം 2016 ജൂലൈ 31 നു മുൻപ് മേൽപ്പറഞ്ഞ വിലാസത്തിൽ അയച്ചുതരേണ്ടതാണ്. തങ്ങളുടെ പരിധിയിലുള്ള എല്ലാ സ്കൂളുകളും രജിസ്ട്രേഷൻ തുക അടച്ചിട്ടുണ്ട് എന്ന് ബന്ധപ്പെട്ട ഉപജില്ല/ജില്ലാ ഓഫീസർമാർ പരിശോധിക്കേണ്ടതും ഉറപ്പുവരുത്തേണ്ടതുമാണ്. കഴിഞ്ഞ വർഷം തുക അടയ്ക്കാത്തവർ കുടിശ്ശിക ഉൾപ്പെടെ ശേഖരിക്കേണ്ടതാണ്.

വിദ്യാരംഗം മാസികയുടെ വരിസംഖ്യ എല്ലാ സ്കൂളുകളിൽ നിന്നും വിദ്യാഭ്യാസ ഓഫീസർമാർ യഥാസമയം കുടിശ്ശിക ഉൾപ്പെടെ സമാഹരിച്ച് 2016 ജൂലൈ 8 നു മുമ്പ് ട്രഷറിയിൽ അടയ്ക്കേണ്ടതും ചെല്ലാൻ രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എഡിറ്ററുടെ പേരിൽ അയയ്ക്കേണ്ടതുമാണ്. കലാസാഹിത്യവേദിയുടെ മറ്റു പ്രവർത്തനങ്ങളെ സംബന്ധിച്ച നിർദ്ദേശങ്ങൾ യഥാസമയം ബന്ധപ്പെട്ട കലാസാഹിത്യവേദി കോർഡിനേറ്റർമാരെ അറിയിക്കുന്നതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

പകർപ്പ്:-

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
3. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
4. എല്ലാ എൽ.പി/യു.പി/എച്ച്.എസ് പ്രധാനാദ്ധ്യാപകർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ വഴി)
5. സ്റ്റോക്ക് ഫയൽ.

ജെ.എൽ